# കേരള പബ്ലിക് സർവീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, പാലക്കാട്

പാലക്കാട്
23/8/13

പി II (4)3289/11(2)

ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, പാലക്കാട്.

സർ,

വിഷയം:- കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ഓഫീസ്, പാലക്കാട് സർവീസ് റെഗുലറൈസേഷൻ - മുൻകാലസർവ്വീസ് - മാർഗ്ഗനിർദ്ദേശങ്ങൾ

*******

താങ്കളെ താഴെ പറയും പ്രകാരം അറിയിക്കുന്നു.

14.12.2010 മുതലുള്ള വ്യത്യസ്ത നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ ഒരേ വ്യക്തി തന്നെ വിവിധ ജോലികളിൽ പ്രവേശിച്ചാൽ പ്രസ്തുത വ്യക്തിയുടെ ഒരോ നിയമനവും പി.എസ്.സിയുടെ വെരിഫിക്കേഷന് വിധേയമാക്കേണ്ടതാണ്. പൂർവ്വകാല സർവ്വീസ് സംബന്ധമായ വെരിഫിക്കേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കമ്മീഷൻ ഉത്തരവായിട്ടുണ്ട്.

1. <u>ഒരു സർക്കാർ വകുപ്പിൽ നിന്നും മറ്റൊരു സർക്കാർ വകുപ്പിലേക്കുള്ള ജോലി പ്രവേശം</u>

14.12.2010 മുതലുള്ള നിയമനശിപാർശ വഴി ഒരു സർക്കാർ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥൻ, പ്രസ്തുത തസ്തികയുടെ നിയമന പരിശോധന പൂർത്തിയാക്കുന്നതിന് മുൻപ് വേറൊരു നിയമന ശിപാർശ പ്രകാരം മറ്റൊരു സർക്കാർ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചാൽ, ടിയാന്റെ മുൻ സർക്കാർസർവ്വീസ് സംബന്ധമായ നിയമനപരിശോധന നടത്തേണ്ടതാണ്. ആയതിലേക്കായി നിലവിൽ ജീവനക്കാരൻ ജോലി നോക്കുന്ന സർക്കാർ വകുപ്പിൽ നിന്നും മുൻസർവ്വീസ് സംബന്ധമായ വിവരങ്ങൾ പ്രൊഫോർമയിൽ രേഖപ്പെടുത്തി, മുൻ സർവ്വീസ് സംബന്ധമായ സർവ്വീസ് ബുക്കിന്റെ പ്രസക്ത പേജുകൾ കൂടി പുതിയ നിയമനാധികാരി വെരിഫിക്കേഷന് നൽകേണ്ടതാണ്.

## സർക്കാർ നഴ്സിംഗ് സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ

സംസ്ഥാനത്തെ സർക്കാർ നഴ്സിംഗ് കോളേജുകളിലേക്കും അംഗീകാരമുള സ്വാശ്രയ നഴ്സിംഗ് കോളേജുകളിലും ഒഴിവുള്ള ഏതാനും സർക്കാർ മെറിറ്റ് സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ സെപ്തംബർ 23 ന് ഡി.എം.ഇ. ഓഫീസിൽ രാവിലെ 10 മണി മുതൽ നടത്തും. പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും മുൻ കൗൺസിലിംഗിൽ ഹാജരാകാൻ സാധിക്കാത്തവർക്കും, കൗൺസിലിംഗിൽ ഹാജരായി സീറ്റ് ലഭിക്കാത്തവർക്കും ഹയർ ഓപ്ഷൻ കൊടുത്തിട്ടുള്ളവർക്കും പങ്കെടുക്കാം. അന്നേ ദിവസം അഡ്മിറ്റ് കാർഡും, മറ്റ് യോഗ്യതാ സർട്ടിഫിക്കറ്റുകളും, നൂറും അതിലധികവും കിടക്കയുള്ള ആശുപത്രിയിൽ ഒരു വർഷം സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റും ഹാജരാക്കണം. സംവരണ വിഭാഗക്കാർ ജാതി, വരുമാന സർട്ടിഫിക്കറ്റുകളുടെ അസലും ഹാജരാക്കണം. അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ അന്നേ ദിവസം തന്നെ മുഴുവൻ ട്യൂഷൻ ഫീസും അടക്കണമെന്നും ഡയറക്ടർ അറിയിച്ചു.

പി.എൻ.എക്സ്.5856/13

## നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകും

നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ ഭരണനൈപുണ്യം വർദ്ധിപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നു. നവംബർ 18 മുതൽ 22 വരെ ഗോവയിലാണ് പരിശീലനം. www.npcindia.gov.in സൈറ്റിൽ വിശദവിവരങ്ങൾ ലഭിക്കും.

പി.എൻ.എക്സ്.5857/13

## എസ്.എസ്.സി. യിൽ അംഗത്തിന്റെ ഒഴിവ്

സ്റ്റാഫ് സെലക്ഷൻ കമ്മീഷനിൽ ഒരംഗത്തിന്റെ ഒഴിവിലേക്ക് കേന്ദ്ര സർക്കാർ സർവ്വീസിലുള്ള അനുയോജ്യരായവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിൽ ഉദയ് എസ്. ചദോപാധ്യ, അണ്ടർ സെക്രട്ടറി, മിനിസ്ട്രി ഓഫ് പേഴ്സണൽ, പബ്ലിക് ഗ്രീവൻസസ് ആൻഡ് പെൻഷൻ, റൂം നമ്പർ 222-ഡി, നോർത്ത് ബ്ലോക്ക്, ന്യൂഡൽഹി - 110001 എന്ന വിലാസത്തിൽ ഉചിത മാർഗ്ഗേണ അപേക്ഷിക്കാം.

പി.എൻ.എക്സ്.5858/13

## കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ കാഷ്യർ

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കാഷ്യർ തസ്തികയിൽ ഒരു ഒഴിവിലേക്ക് സമാന തസ്തികയിലുള്ളവർക്ക് അപേക്ഷക്കാം. പൂരിപ്പിച്ച നിശ്ചിത പെർഫോർമയിൽ അപേക്ഷ അണ്ടർ സെക്രട്ടറി, മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ്, റൂം നമ്പർ - 15, നോർത്ത് ബ്ലോക്ക്, ന്യൂഡൽഹി - 110001 വിലാസത്തിൽ നൽകണം.

പി.എൻ.എക്സ്.5859/13

(തുടരുന്നു)

2. <u>ഒരു സർക്കാർ വകുപ്പിൽ നിന്നും കമ്പനി/കോർപ്പറേഷൻ/ബോർഡിലേക്കുള്ള ജോലിപ്രവേശം</u>

14.12.2010 മുതലുള്ള നിയമനശിപാർശ പ്രകാരം ഒരു സർക്കാർ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥൻ പ്രസ്തുത തസ്തികയുടെ നിയമനപരിശോധന പൂർത്തിയാക്കുന്നതിന് മുൻപ്, പുതിയ നിയമനശിപാർശപ്രകാരം കമ്പനി/കോർപ്പറേഷൻ/ബോർഡിൽ ജോലിയിൽ പ്രവേശിച്ചാൽ, ടിയാന്റെ മുൻസർവ്വീസ് സംബന്ധമായ നിയമപരിശോധന സർക്കാർ വകുപ്പിൽ നിന്നും രേഖകൾ ലഭിക്കുന്ന മുറയ്ക്ക് നടത്തേണ്ടതുണ്ട്. ആയതിലേക്കായി, സർക്കാർ വകുപ്പിൽ നിന്നും നിയമനവെരിഫിക്കേഷൻ പൂർത്തിയാക്കുന്നതിന് മുൻപ് കമ്പനി/കോർപ്പറേഷൻ/ബോർഡിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി Relieve/Resign ചെയ്തുപോയവരുടെ സർവ്വീസ് വെരിഫിക്കേഷൻ സംബന്ധമായ രേഖകൾ നിർബന്ധമായും അയച്ചുതരേണ്ടതാണ്.

3. <u>കമ്പനി/കോർപ്പറേഷൻ/ബോർഡിൽ നിന്നും മറ്റൊരു കമ്പനി/ കോർപ്പറേഷൻ/ ബോർഡിലേക്കോ, സർക്കാർ വകുപ്പിലേക്കോ ഉള്ള ജോലി പ്രവേശം</u>

14.12.2010 മുതലുള്ള നിയമനശിപാർശ പ്രകാരം ഒരു കമ്പനി/ കോർപ്പറേഷൻ/ ബോർഡിൽ ജോലി ചെയ്തിരുന്നവരും, നിയമനപരിശോധന പൂർത്തിയാകുന്നതിന് മുൻപ് വേറൊരു നിയമനശിപാർശ വഴി മറ്റൊരു കമ്പനി/കോർപ്പറേഷൻ/ബോർഡിലേയ്ക്ക് ജോലിയിൽ പ്രവേശിക്കുന്നവരുടേയും സർക്കാർ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നവരുടേയും പൂർവ്വകാലസർവ്വീസ് സംബന്ധമായ നിയമപരിശോധന, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ/നിയമനാധികാരി ആവശ്യപ്പെട്ടാൽ മാത്രം നടത്തുന്നതാണ്

വിശ്വസ്തതയോടെ

[signature]

അണ്ടർസെക്രട്ടറി
ജില്ല ഓഫീസർക്കു വേണ്ടി
കേരള പബ്ലിക് സർവീസ് കമ്മീഷൻ
ജില്ലാ ഓഫീസ് പാലക്കാട്

## ന്യൂമാറ്റ്സ് - അഭിരുചി പരീക്ഷ

സ്കൂൾ കുട്ടികളുടെ ഗണിതശാസ്ത്രത്തിലുള്ള കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടി എസ്.സി.ഇ.ആർ.ടി. നടപ്പിലാക്കുന്ന ന്യൂമാറ്റ്സ് (NuMATS) പദ്ധതി സ്കൂൾതല തെരഞ്ഞെടുപ്പ് സെപ്തംബർ 30-ന് മുമ്പായി നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ പേര് വിവരം സബ് ജില്ലാതലത്തിൽ രജിസ്റ്റർ ചെയ്യണം. സബ്ജില്ലാതല തെരഞ്ഞെടുപ്പ് നവംബറിലും സംസ്ഥാനതലം ജനുവരി 18-ന് നടത്തും. വിശദവിവരങ്ങൾ എസ്.സി.ഇ.ആർ.ടിയുടെ വെബ്സൈറ്റിൽ (www.scert.kerala.gov.in) ലഭിക്കും.

പി.എൻ.എക്സ്.5922/13

## പട്ടികജാതി/വർഗക്കാർക്ക് വായ്പ

സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കുന്ന മൂന്ന് ലക്ഷം രൂപ പദ്ധതി തുകയുള്ള മിനി വെഞ്ച്വർ XV പദ്ധതിക്കു കീഴിൽ വായ്പ അനുവദിക്കുന്നതിന് കേരളത്തിലെ വിവിധ ജില്ലകളിലെ പട്ടികജാതിയിൽപ്പെട്ട തൊഴിൽ രഹിതരായ യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ 18നും 50നും മധ്യേ പ്രായമുള്ളവരായിരിക്കണം. കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 81000 രൂപയിലും നഗര പ്രദേശങ്ങളിലും താമസിക്കുന്നവർക്ക് 1,03,000 രൂപയിലും കവിയാൻ പാടില്ല. മേൽപ്പറഞ്ഞ പദ്ധതി പ്രകാരം അനുവദനീയമായ വായ്പ തുക വിനിയോഗിച്ച് വിജയസാധ്യതയുള്ള ഏതൊരു സ്വയം തൊഴിൽ സംരംഭത്തിലും (കൃഷി ഭൂമി വാങ്ങൽ/ മോട്ടോർ വാഹനം വാങ്ങൽ ഒഴികെ) ഗുണഭോക്താവിന് ഏർപ്പെടാം. തെരഞ്ഞെടുക്കപ്പെടുന്നവർ ഈടായി കോർപ്പറേഷന്റെ നിബന്ധനകൾക്കനുസരിച്ച് ആവശ്യമായ ഉദ്യോഗസ്ഥ ജാമ്യമോ, വസ്തു ജാമ്യമോ ഹാജരാക്കണം. കോർപ്പറേഷൻ നിന്ന് മുമ്പ് ഏതെങ്കിലും സ്വയം തൊഴിൽ വായ്പ ലഭിച്ചവർ (മൈക്രോ ക്രെഡിറ്റ് ലോൺ/ മഹിളാ സമൃദ്ധി യോജന ഒഴികെ) വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. വായ്പ തുക ആറ് ശതമാനം വാർഷിക പലിശ നിരക്കിൽ അഞ്ച് വർഷം കൊണ്ട് തിരിച്ചടക്കണം. അപേക്ഷാ ഫോറത്തിനും വിശദ വിവരങ്ങൾക്കുമായി കോർപ്പറേഷന്റെ അതത് ജില്ലാ ഓഫീസുമായി ബന്ധപ്പെടാം.

പി.എൻ.എക്സ്.5923/13

(തുടരുന്നു)